പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1662 11/2/2013-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ ബ്ലോക്കുതല വിശദാംശം നൽകുമോ ; | എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ ബ്ലോക്ക്തല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി<br>1. കൽപ്പറ്റ ബ്ലോക്ക് - 14.46926 ലക്ഷം രൂപ<br>2. പനമരം ബ്ലോക്ക് - 0.73375 ലക്ഷം രൂപ<br>3. മാനന്തവാടി ബ്ലോക്ക്- 7.275 ലക്ഷം രൂപ<br>4. സുൽത്താൻ ബത്തേരി ബ്ലോക്ക്- 13.71137 ലക്ഷം രൂപ<br>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി<br>1. കൽപ്പറ്റ ബ്ലോക്ക് - 5.44320 ലക്ഷം രൂപ<br>2. പനമരം ബ്ലോക്ക് - 1.67842 ലക്ഷം രൂപ<br>3. മാനന്തവാടി ബ്ലോക്ക്- 0.225 ലക്ഷം രൂപ |
| ബി) സംസ്ഥാനത്ത് പ്രസ്തുത ഇനത്തിൽ ചെലവഴിച്ച തുക യുടെ എത്ര ശതമാന മാണ് വയനാട് ജില്ലയിൽ ചെലവഴിച്ച തെന്ന് വ്യക്തമാ ക്കുമോ ; | ബി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് ചെലവഴിച്ച മൊത്തം തുകയുടെ 2.23 ശതമാനവും, രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)-യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി സംസ്ഥാനത്ത് ചെലവഴിച്ച മൊത്തം |

| | | |
|---|---|---|
| | | തുകയുടെ 3.18 ശതമാനവും വയനാട് ജില്ലയിൽ ചെലവഴിച്ചു. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം നടപ്പു വർഷം ജില്ലയിലെ ഭൗതിക ലക്ഷ്യം വ്യക്തമാക്കുമോ ? | സി) നടപ്പ് സാമ്പത്തിക വർഷം വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരമുള്ള ഭൗതിക ലക്ഷ്യം ചുവടെ ചേർക്കുന്നു:<br>70 ഹെക്ടർ സ്ഥലത്ത് വാഴയുടെ പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം, 100 ഹെക്ടർ സ്ഥലത്ത് ടിഷ്യൂകൾച്ചർ വാഴകൃഷി, 5 ഹെക്ടർ സ്ഥലത്ത് കട്ട്ഫ്ളവർ കൃഷി, 75 ഹെക്ടർ സ്ഥലത്ത് സുഗന്ധവ്യഞ്ജന കൃഷി, 50 ഹെക്ടർ സ്ഥലത്ത് കൊക്കോയുടെ വിളവിസ്തൃതി വ്യാപനം, 35 ഹെക്ടർ സ്ഥലത്ത് കൊക്കോയുടെ പഴയതും ഉത്പാദനക്ഷമത കുറഞ്ഞതുമായ ചെടികൾ വെട്ടിമാറ്റി പുതിയവ വെച്ചു പിടിപ്പിക്കൽ, ഒരു യൂണിറ്റ് ജലസ്രോതസിന്റെ നിർമ്മാണം, 350 ഹെക്ടറിലെ സംയോജിത രോഗകീട നിയന്ത്രണം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 57 യൂണിറ്റുകൾക്കുള്ള ധനസഹായം, വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഒരു പ്രികൂളിംഗ് യൂണിറ്റ്, 2 റീഫർ വാനുകൾ, 3 പ്രോസസിംഗ് യൂണിറ്റുകൾ, 1 ശീതീകരണ യൂണിറ്റ്, 1 റൈപ്പനിംഗ് ചേമ്പർ, 5 റൂറൽ മാർക്കറ്റുകൾ, 9 ചില്ലറ വിപണികൾ, 1 സോർട്ടിഗ്-ഗ്രേഡിംഗ്-പായ്ക്കിംഗ് യൂണിറ്റ് എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.<br>കൂടാതെ നടപ്പ് സാമ്പത്തിക വർഷം വയനാട് ജില്ലയിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി പ്രകാരമുള്ള ഭൗതിക ലക്ഷ്യം ചുവടെ ചേർക്കുന്നു: |

പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ സംരക്ഷിത കൃഷിയ്ക്കായി 21000 ചതുരശ്ര മീറ്റർ നാച്ച്വറലി വെന്റിലേറ്റഡ് ഗ്രീൻ ഹൗസുകൾ സ്ഥാപനം, 131 ഹെക്ടർ തുറസ്സായ സ്ഥലത്ത് പച്ചക്കറി, വാഴ എന്നിവയുടെ സൂക്ഷ്മകൃഷിയ്ക്കായി ഒരു പോട്ട്ട്രേ നഴ്സറിയുടെ സ്ഥാപനം, ടിഷ്യുകൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള 101 ഹെക്ടർ സ്ഥലത്ത് വാഴകൃഷി, 20 കൂൺ ഉത്പാദന യൂണിറ്റുകളുടെ സ്ഥാപനം. ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 2012 13 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിലെ 25 പഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തിലും 400 ചതുരശ്രമീറ്ററിന്റെ 3 പോളിഹൗസുകളും 500 ചതുരശ്രമീറ്ററിന്റെ 2 പോളീഹൗസ് ഡെമോൺസ്ട്രേഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇവ ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**